**ക്ലേശകർമ്മവിപാകാശയൈരപരാമൃഷ്ടഃ**
**പുരുഷവിശേഷ ഈശ്വരഃ ॥ 24 ॥**

ഈശ്വരപ്രണിധാനം കൊണ്ടും സമാധിലാഭം ശീഘ്രമാകുമെന്ന് പറഞ്ഞുവല്ലോ. ഇത് വളരേ സരളമായിട്ടുള്ള വിധിയാണ്. പക്ഷെ സരളമെന്നു പറഞ്ഞത് ഇതിൽ ദീർഘകാലം പ്രതീക്ഷിച്ചിരിക്കേണ്ടതില്ല എന്ന അംശത്തിൽ മാത്രമാണ്. ഇതിന് വേണ്ടതായ ത്യാഗവും സഹിഷ്ണുതയുമെല്ലാം സരളമല്ല. അതുകൊണ്ടിപ്പോൾ ഈശ്വരസ്വരൂപത്തിന്റെ വർണ്ണന ആവശ്യമായി വന്നിരിക്കുകയാണ്.

ജീവാത്മാവും പുരുഷനാണ്. അതെ, പരമാത്മാവും പുരുഷനാണ്. വ്യത്യാസം പുരുഷവിശേഷത്തിലാണ്. വിശേഷതയെന്താണ് ? ജീവാത്മാവിന്റെ ഉപാധിയായ ചിത്തസത്ത്വം പരിച്ഛിന്നമാണ്, പരമാത്മാ ചിത്തസത്ത്വം വ്യാപകമാണ്. അതുകൊണ്ടാണ് 'പുരീ ശയനാത് പുരുഷഃ', 'പൂർണ്ണത്വാത് പുരുഷഃ' എന്നീ രണ്ടുവ്യുൽപ്പത്തികൾ. 'പുരീ അന്തഃകരണേ ശേതേ'എന്നതിൽ പരിച്ഛിന്നനാണ്. കൂടാതെ പൂർണ്ണനെന്തായാലും പൂർണ്ണൻ തന്നെയാണല്ലോ. ഇത് സ്വരൂപത്തെ സംബന്ധിച്ച വിശേഷതയായി. മറ്റു വിശേഷതകളാണ്–ക്ലേശാദിഭിരപരാമൃഷ്ടഃ. അവിദ്യാ അസ്മിതാ തുടങ്ങിയ അഞ്ച് ക്ലേശങ്ങളും, കൂടാതെ കർമ്മവിപാകവും കർമ്മാശയത്തിന്റെ വർണ്ണനയും വരുന്നുണ്ട്.

നാം ഈശ്വരപ്രണിധാനം ചെയ്യുമ്പോൾ അത് ഏതുവിധത്തിലാണ് ? 'ക്ലേശാദിഭിരപരാമൃഷ്ടഃ'നായാണോ. അവിദ്യാ, അസ്മിത, അവിദ്യാദി ദോഷരഹിതനായാണോ അതോ ദോഷസഹിതനായാണോ മാനിക്കുന്നത്. ഇതറിയുന്നതിന് നമുക്ക് ഉപാസ്യസ്വരൂപത്തെ ചിന്തിക്കേണ്ടിയിരിക്കുന്നു. മൂർത്തി, ചിത്രം തുടങ്ങിയവയെ ധ്യാനിക്കുമ്പോൾ എന്തുമാനിച്ചാണ് ധ്യാനിക്കുന്നത് ? ഭഗവാനെന്ന് മാനിച്ചാണോ, അതോ ഇതോരു സ്ഥൂലവിതർക്കം മാത്രമാണെന്നു കരുതിയോ, സ്ഥൂലവിതർക്കം മാത്രമാണെങ്കിലത് ഈശ്വരപ്രണിധാനമല്ല, വിതർക്കാനുസന്ധാനം മാത്രമാണ്. ഇനി സാക്ഷാൽ ഭഗവാനെന്നു മാനിച്ചെങ്കിൽ–താങ്കൾ വിഗ്രഹത്തിനു മുന്നിലിരിക്കുമ്പോൾ അനഭീഷ്ടനും എന്നാൽ പെട്ടെന്ന് നിഷേധിക്കാനാകാത്തവനുമായ ഒരുവ്യക്തി ആയിരംരൂപ ചോദിച്ചാൽ ഒഴിവുകഴിവായി എന്തെങ്കിലും അസത്യം പറയില്ലേ. മറ്റുചിത്രങ്ങൾക്കൊന്നും സാധിക്കാത്തതുപോലെ ഭഗവാന്റെ ചിത്രത്തിനും ഒന്നും അറിയില്ലെന്നും ഒന്നും ചെയ്യാൻ സാധിക്കില്ലെന്നും വിചാരിക്കാറില്ലേ. അമ്പലങ്ങളിലെ ചില പൂജാരിമാരും മോഷ്ടിക്കാറുണ്ട്. അരകിറുക്കനായ ഒരു സന്ത് പറയുന്നുണ്ടായിരുന്നു– "അഞ്ചെട്ടു ദിവസം ഞാൻ ക്ഷേത്രത്തിൽ പൂജ നടത്തി, അമ്പതുരൂപ അടിച്ചു മാറ്റുകയും ചെയ്തു". അവസാനം മുഴുവൻ തുകയും അവിടത്തെ മഹന്തിനു സമർപ്പിച്ച് രാജിവച്ചു പോയി. വിഗ്രഹം ഭഗവാനാകട്ടെ അല്ലാതിരിക്കട്ടെ, കുറഞ്ഞപക്ഷം അതിന് കാഴ്ചയില്ലല്ലോ!, മോഷ്ടിച്ചാലും നമുക്ക് ചേതമൊന്നും വരില്ല!. മേൽപറഞ്ഞതൊന്നും ഈശ്വരപ്രണിധാനത്തിന്റെ സ്വരൂപമല്ല.

കർമ്മവും പരമേശ്വരനിൽ ഇല്ല. പുണ്യം, പാപം, മിശ്രം ഇങ്ങനെ ത്രിവിധമാണ് കർമ്മം. ഭഗവാൻ രാമൻ ബാലിയെ ഒളിയമ്പയച്ചു വധിച്ചു. ഇത് ഉചിതമോ, അനുചിതമോ ? ഇതിന്റെ പരിണാമമായിട്ട് ബാലി 'ജരാ' എന്ന പേരുള്ള വ്യാധനായി ജനിക്കുകയും കൃഷ്ണനുനേർക്ക് അമ്പ് തൊടുക്കുകയും ചെയ്തു. ഇതുതന്നെയല്ലെ കർമ്മം. ഛായ(നിഴൽ)പോലെ ഫലനിഷ്പത്തിയുണ്ടാകുന്നു. ഛായയുടെ അർത്ഥം ഛായ മാത്രമല്ല, മറിച്ച് അത്യന്തം സദൃശവും. **'ഭൂതാനാം ദേവചരിതം ദുഃഖായ ച സുഃഖായ ച്'.'ഛായേവ കർമ്മ സചിവാഃ സാധവോഃ ദീനവത്സലാഃ' 'ഛായേവ താം ഭൂപതിരന്ചഗച്ഛത്'**. ദിലീപന്റെ പുത്രനായ രഘു പിതാവിന്റെ തന്നെ പ്രതിച്ഛായയിരുന്നു എന്നു പറയും പോലെയാണിത്. രാമൻ ബാലിയെ ഒളിയമ്പയച്ചു വധിച്ചു. 'ജരാ'യും മാനിനെ കൊല്ലാൻ ഒളിച്ചിരിക്കുകയായിരുന്നു. ഇത് ഭഗവാൻ രാമന്റെ കർമ്മത്തിനു സമാനമായോ ഇല്ലയോ. കർമ്മമെന്നു സ്വീകരിച്ചാലാണ് ഉചിതമോ അനുചിതമോ എന്നതിനേ ചിന്തിക്കേണ്ടത്. കൃഷ്ണൻ വെണ്ണ കട്ടുതിന്നു, രാസലീലയിലേർപ്പെട്ടു, ഭീഷ്മ-ദ്രോണാദികളെ കാപട്യത്തിലുടെ കൊല്ലിച്ചു. ഇതെല്ലാം എങ്ങനെ ?. ഇത് അനുചിതമെന്ന് വിമർശകർ. വിഷ്ണുവും തുളസിയുമായുള്ള വിവാഹ കഥ വളരേ വിലക്ഷണം തന്നെയാണ്. ചിലയിടത്ത് വൃന്ദാവനത്തിലെ കഥകളും. ഇങ്ങനെയുള്ള എല്ലാ കർമ്മങ്ങളുടെയും സംശ്ലേഷം ഭഗവാനിലുണ്ടോ ? ഉണ്ടല്ലോ. അതുകൊണ്ടല്ലെ ജരാ കൃഷ്ണനു നേർക്ക് അമ്പ് തൊടുത്തത്. ഉത്തരം 'ഇല്ല' എന്നാണ്. പരമേശ്വരൻ 'കർമ്മാऽപരാമൃഷ്ടഃ'നാണ്. **'ന മാം കർമ്മാണി ലിംപന്തി ന മേ കർമ്മഫലേ സ്പൃഹാ'** അതിനാൽ ഇഷ്ടദേവതയുടെ ഏതെങ്കിലും കാര്യം പുണ്യപാപരൂപമായി മാനിക്കാനാകില്ല. അപ്പോൾ ഇതെല്ലാം എന്താണ് ? വെറും ലീലകൾ. രാമന് കൃഷ്ണാവതാരത്തിൽ ഫലമെങ്ങനെ ? ഇതും കർമ്മഫലത്തിന്റെ അവശ്യംഭാവിത്വത്തെ പഠിപ്പിക്കുന്നതിനുവേണ്ടിയല്ലേ. 'അല്ല' എന്നതാണു വസ്തുത. ഈ വിധത്തിലാണ് പരമേശ്വരനെ ധ്യാനിക്കേണ്ടത്.

വിപാകം എന്നുപറയുന്നത് ഫലത്തെയാണ്-**ജാത്യായുർഭോഗാഃ.** ജന്മം, ആയുസ്സ്, സുഖദുഃഖങ്ങളുടെ ഭോഗം എന്നിവ വിപാകമാണ്. ഭഗവാന് ജന്മമുണ്ടോ ? ഇല്ലെന്നാണെങ്കിൽ രാമൻ അയോദ്ധ്യയിലും കൃഷ്ണൻ മഥുരയിലും എന്നെല്ലാം പറയുന്നുണ്ടല്ലോ ? അത് ജന്മം തന്നെയല്ലെ. 'ഭഗവാൻ ജനിക്കുന്നില്ല പ്രകടമാകുന്നതാണ്' എന്നൊരാൾ പറഞ്ഞു. ഇതിപ്പോൾ താങ്കൾ മാതാവിന്റെ ഉദരത്തിൽ നിന്നു പ്രകടമായെന്ന് പറഞ്ഞാലും ജന്മമെടുത്തെന്ന് പറഞ്ഞാലും എന്തു വ്യത്യാസമുണ്ടാകാനാണ് ? 'കടന്നുവരിക' എന്നു പറയുന്നതിനു പകരം 'എഴുന്നള്ളുക' എന്നു പറഞ്ഞതുപോലെയായി. ഇതിനുത്തരം-ജന്മം കേവലം ദേഹസംബന്ധമായതു മാത്രമല്ല, കേവലമായ ദേഹപ്രവർത്തനവും ജന്മമല്ല, മറിച്ച് ദൃക്ദൃശ്യത്തിന്റെ സ്വസ്വാമിഭാവ സംബന്ധരൂപിയായ താദാത്മ്യമാണ് ജന്മം. ഈ സന്ദർഭത്തിൽ ഭഗവാൻ ശങ്കരാചാര്യർ ഗ്രഹാവിഷ്ട മാണ് ഉദാഹരണമാക്കിയിരിക്കുന്നത്. ചിലയാളുകൾക്ക് ഭൂതാവേശം (ബാധ), ഗ്രഹാവേശം എന്നിവയുണ്ടാകാറുണ്ട്. ബാധയുണ്ടായാൽ ആ ഭൂതം അഥവാ ആ

ഗ്രഹം(സൂക്ഷ്മജീവി)ആ ശരീരത്തിലിരുന്ന് സംസാരിക്കുകയും മറ്റു കാര്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നുണ്ടല്ലോ. എന്നിരുന്നാലും സ്വസ്വാമി ഭാവ സംബ ന്ധമില്ലാത്തതിനാൽ അത് അതിന്റെ ശരീരമല്ല. ആ ശരീരം പുതിയതോ പഴ യതോ എന്നോതോരു ചോദ്യമല്ല. ഭഗവാൻ നവശരീരത്തെയാണ്, അന്യാനധി ഷ്ഠിത ശരീരമാണ് ഗ്രഹണം ചെയ്യുന്നത്. എങ്കിലും അത് ഗ്രഹാവേശമെന്നതു പോലെ. അതുകൊണ്ട് യാവത്(ഏതാണോ അത്) ശരീരമാണ് ധരിക്കുന്നത്, അതിനാൽ ആളുകൾക്ക് 'ജാതഃ' ജനിച്ചു എന്ന ഭ്രമമുണ്ടാകുന്നു. വസ്തുത 'ജാത ഇവ'-ജനിച്ചതുപോലെ എന്നാണ് പറയേണ്ടത്. ഇങ്ങനെ തന്നെയാണ് ധ്യാനിക്കേണ്ടതും.

ജന്മമുണ്ടായിട്ടില്ലെങ്കിൽ പിന്നെ വയസ്സിനെ കുറിച്ചും ചോദ്യമുയരു ന്നില്ല. എങ്കിലും വീണ്ടും ചില ചോദ്യോത്തരങ്ങൾ ഉണ്ടാകും. ഭഗവാൻ രാമൻ ത്രേതായുഗത്തിൽ വന്നു, പോയി. ഭഗവാൻ കൃഷ്ണൻ ദ്വാപരയുഗത്തിൽ വന്നു, പോയി. പക്ഷെ വർത്തമാനകാലത്തിൽ? ആരെങ്കിലും വന്നോ ? ആരെങ്കിലും ഇവിടെയുണ്ടോ ? ആരെങ്കിലും ഇവിടന്നു പോകുമോ ? അപ്പോൾ ഈ സമയം രാമനും കൃഷ്ണനും ഇവിടെയില്ലെങ്കിൽ അവരുടെ ആയുസ്സും നിശ്ചിതമല്ലേ. ഇന്നും, ഭഗവാനും ഭഗവത്ലീലകളുണ്ടെന്നുമാണ് ഭക്തർ മാനിക്കുന്നത്. പക്ഷെ, അനഭിവ്യക്തരൂപത്തിലാണെന്നു മാത്രം. ഇവിടെയൊരു ചോദ്യം-ധ്യാനത്തിലോ സ്വപ്നത്തിലോ, ഭഗവാൻ രാമനെയോ കൃഷ്ണനെയോ കാണുകയാണെങ്കിൽ അത് സത്യമോ മിഥ്യയോ? മുത്തച്ഛനെ ധ്യാനിച്ചോണ്ടിരുന്നപ്പോൾ ധ്യാനത്തിലോ സ്വപ്നത്തിലോ കാണാനിടയായാൽ ആ ശരീരം സത്യമോ മിഥ്യയോ? മിഥ്യ യാണ്. അങ്ങനെയെങ്കിൽ ഭഗവാൻ ത്രേതായുഗത്തിൽ സാകേതം പൂകി എന്ന് പറയുമ്പോൾ അത് സത്യമോ മിഥ്യയോ? ഉത്തരം-ഭഗവാന് വയസ്സില്ല, അതുകൊണ്ട് സത്യം. ഭഗവാൻ സർവ്വകാലത്തും വർത്തിക്കുന്നുവെന്ന് മന സ്സിലാക്കിക്കൊണ്ട് ധ്യാനിക്കണം.

ഭോഗവും ഭഗവാന്റെതല്ല. സുഖദുഃഖങ്ങളുടെ സാക്ഷാത്കാരത്തെ യാണ് -അനുഭവത്തെയാണ് ഭോഗമെന്നു പറയുന്നത്, അല്ലാതെ ക്ഷേത്ര ങ്ങളിൽ ഭഗവാനു സമർപ്പിക്കുന്ന(ഭോഗ്)നൈവേദ്യത്തെയല്ല, അതാണെങ്കിൽ ഭഗവാന്റെതാണ്. രാമൻ രാജ്യാഭിഷേകസമയത്ത് പ്രസന്നനായിരുന്നു. വനത്തി ലേക്കും പോയി, ഇത് ഭോഗമല്ലേ? സീതാവിയോഗത്തിൽ കരഞ്ഞപ്പോൾ ദുഃഖം അനുഭവിച്ചില്ലേ? ഭഗവാൻ ശങ്കരൻ സതീദേവിയുടെ മരണശേഷം സതീശരീരം തോളിലിട്ട് ഉന്മത്തനേപോലെ അലഞ്ഞുനടന്ന കഥയുണ്ട്. എന്നിട്ട് വിഷ്ണുഭഗ വാൻ സതീ ശരീരത്തെ അറുപത്തിനാലു കഷ്ണങ്ങളായി അതാതു സ്ഥാന ങ്ങളിൽ വീഴ്ത്തിയപ്പോഴാണ് ഇന്നുകാണുന്ന അറുപത്തിനാലു ശക്തിപീഠങ്ങളു ണ്ടായിരിക്കുന്നത്. ആ സമയം ഭഗവാൻ ശങ്കരൻ ദുഃഖിച്ചില്ലേ ? പുരാണങ്ങ ളിലും സുഖദുഃഖങ്ങളുടെ വർണ്ണന ധാരാളമുണ്ട്. 'രാമൻ സിംഹാസനത്തിൽ സീതയോടൊപ്പം വാണരുളി'-ഇത്രമാത്രമാണ് കഥയെങ്കിൽ ആളുകൾ മുന്നോട്ട്

എങ്ങനെ മനസ്സ് ഭഗവാനിലുറപ്പിക്കും. ഇതിൽനിന്ന് മനസ്സിലാകുന്നത് ഭഗവാനെ സുഖദുഃഖ വർജ്ജിതസ്വരൂപനായി ധ്യാനിക്കണമെന്നാണ്.

നാലാമതായി വരുന്നത് ആശയമാണ്. ആശയമെന്നു പറയുന്നത് വാസനകളുടെ പ്രചയ(സമുച്ചയ)ത്തെയാണ്. കർമ്മവാസന, ക്ലേശവാസന, ജ്ഞാന വാസന എന്നിങ്ങനെ മൂന്നാണ്. കർമ്മജ്ഞവാസനയെന്ന് കർമ്മവേഗത്തെയും പറയും, ഇത് അതിനുശേഷമുള്ള കർമ്മകാരണവും അതുപോലെതന്നെ പൂർവ്വ കൃത കർമ്മത്തിന്റെ സൂക്ഷ്മരൂപത്തെയും സൂചിപ്പിക്കുന്നു. നമ്മുടെ ചിത്തത്തിൽ കർമ്മവേഗമുണ്ട് അതുകൊണ്ട് മനസ്സ് ശക്തിയോടെ കുതിച്ചോടുന്നു. ഇന്ദ്രിയങ്ങളിലും കർമ്മവേഗമുണ്ട്. അതുകൊണ്ടാണല്ലോ അനിച്ഛയോടെ ഇന്ദ്രിയങ്ങൾ പ്രവൃത്തമാകുന്നത്. ശരീരാദികളിലും കർമ്മവേഗമുണ്ട്. അതുകൊണ്ടാണ് ഒന്നും ചെയ്യാതെ വെറുതെയിരിക്കുവാൻ കഴിയാത്തത്. ഇപ്രകാരം തന്നെയാണ് ക്ലേശവാസനയും. അവിദ്യാ വാസന, അസ്മിതാവാസന, രാഗാദി വാസനകൾ അന്തഃസ്ഥിതങ്ങളാണ്. സന്ദർഭം വരുമ്പോൾ പുറത്തേക്കുചാടുന്നു. ചെറിയകുട്ടിയാണ്, പുറമെ കാണുമ്പോൾ ഒരു വാസനയുമില്ല. എന്നാൽ സമയമാകുമ്പോൾ, യുവത്വം കൈവരുമ്പോഴേക്കും രാഗദ്വേഷാദികളായ സമഗ്രവാസനകളും ഉണർന്നുവരുന്നു. അതുപോലെ തന്നെയാണ് ജ്ഞാനവാസനയും, അതിൽനിന്നും യഥാസമയം വിവിധങ്ങളായ സ്മൃതികളുണ്ടാകുന്നു. ആഗ്രഹിച്ചില്ലെങ്കിലും സ്മൃതികൾ ഉണരുന്നു. വലിയൊരു അപകടം സംഭവിച്ചെന്നു കരുതുക. താങ്കൾ അതിനെ മറക്കാനാഗ്രഹിച്ചാലും മറക്കാനാകുന്നില്ല. പരാധീനതാപ്രയോജകമാണ് വാസന. എന്താ ഇങ്ങനെയുള്ള വാസനകൾ പരമേശ്വരനിലുണ്ടോ ? ഇല്ല, എന്നുത്തരം. അദ്ദേഹം നിർവാസനനാണ്. അതുകൊണ്ട് ആത്മ പരതന്ത്രനല്ല പരാപരതന്ത്രനുമല്ല. 'സ്വയം വിവശനുമല്ല മറ്റുള്ളവരാൽ അസ്വസ്ഥനുമല്ല'. ഇപ്രകാരം അത്യന്തം സ്വതന്ത്രഭാവത്തിൽ പരമേശ്വര പ്രണിധാനം ചെയ്യണം.

ക്ലേശം, കർമ്മം, വിപാകം, ആശയം എന്നിങ്ങനെ ദോഷങ്ങൾ നാലാണ്. ഇവയാൽ പരമേശ്വരൻ അപരാമൃഷ്ടനും അസംസ്പൃഷ്ടനുമാണ്. അങ്ങനെയെങ്കിൽ ജീവാത്മാവ് ഇവയാൽ പരാമൃഷ്ടനാണോ ? അതെയെന്നു പറയിൻ. എന്നാൽ, അല്ല. ചേതനനായ പുരുഷനാണെങ്കിൽ നിർലേപനാണ്. ഇപ്പറഞ്ഞ ക്ലേശാദികളൊക്കെ അന്തഃകരണത്തിന്റെ ധർമ്മമാണോ അതോ ആത്മാവിന്റേതോ ? ഇവയെല്ലാം അന്തഃകരണത്തിന്റെ അഥവാ പ്രകൃതിയുടെ ധർമ്മങ്ങളാണ്. അങ്ങനെയെങ്കിൽ മേൽ വിശേഷണത്തിന് എന്തർത്ഥം ? ജീവനും ഇവയാൽ സംസ്പൃഷ്ടനല്ലെങ്കിലും അന്തഃകരണ താദാത്മ്യാദ്ധ്യാസത്താൽ ഇങ്ങനെയുള്ള എല്ലാവിധ ദോഷങ്ങളും ജീവാത്മാവിൽ പ്രതീതമാകുന്നു, എന്നുത്തരം. അങ്ങനെയെങ്കിൽ പരമാത്മാവിനെ ഒരു യോഗിയായി മാനിച്ചു കൊള്ളുക. യോഗിയിലും ക്ലേശാദികൾ ഉണ്ടാവില്ലേ ? ചിലർക്ക് പൂർവ്വ കാലത്തിലും ചിലർക്ക് ഉത്തരകാലത്തിലും ക്ലേശാദികളുടെ പരാമർശമുണ്ട്, എന്നുത്തരം. യോഗികൾക്ക് പൂർവ്വകാലത്തുണ്ടായിരുന്നു, വിദേഹാദികൾക്ക്

ഉത്തരകാലത്ത് ക്ലേശാദികളുടെ പരാമർശമുണ്ടാകും. പരമേശ്വരനാകട്ടെ ക്ലേശാദ്യപരാമൃഷ്ടനാണ്. പരാമൃഷ്ടഃ എന്നതിന് ഋജുവായ അർത്ഥം സംസ്പൃഷ്ടനെന്നാണ്. ജനങ്ങൾക്കിടയിൽ പരാമർശം എന്നതിനർത്ഥം ആശയവിനിമയമെന്നാണ്. പരമേശ്വരനാകട്ടെ ക്ലേശാദികളോട് ആശയവിനിമയം പോലും ചെയ്യാൻ തയ്യാറല്ല. ഏതെങ്കിലുമൊരു സാധാരണക്കാരൻ താങ്കളെ വന്നുകണ്ടു എന്നു വിചാരിക്കുക, താങ്കൾ അയാൾ പറയുന്ന കാര്യങ്ങൾ കേൾക്കുന്നു. ഒന്നും പറയാനില്ലെങ്കിൽ മിണ്ടാതിരിക്കുന്നു, താൽപര്യമുണ്ടെങ്കിൽ മറുപടിയും നൽകുന്നു. പക്ഷെ, താങ്കൾ അടുത്ത് ഇരിക്കാനോ, ആശയവിനിമയം നടത്താനോ പോയിട്ട്, സംസാരിക്കാൻ പോലും ഇഷ്ടപ്പെടാത്ത അസംഗതനായ ഒരാളാണെങ്കിലോ ? ഇപ്രകാരം തന്നെ പരമേശ്വരനും ക്ലേശാദികളോട് ഒരു സമ്പർക്കവും പുലർത്തുന്നില്ല അതുകൊണ്ട് അപരാമൃഷ്ടനെന്നു പറഞ്ഞു. ഈ സൂത്രത്തെകുറിച്ച് ഭാഷ്യകാരൻ പൂർവ്വബന്ധകോടിയേയും ഉത്തരബന്ധകോടിയേയും, രണ്ടിനേയും നിരാകരിച്ച് 'സ തു സദൈവ യുക്തഃ സദൈവ പരഃ' എന്നാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. അതിൽ നിന്ന് പ്രതീതമാകുന്നതെന്തെന്നാൽ യഥാർത്ഥത്തിൽ ഈ നാലെണ്ണം മാത്രമേ ബന്ധനമായുള്ളൂ. ഈ ബന്ധനങ്ങളിൽ നിന്നും പൂർണ്ണമായി എല്ലായെപ്പോഴും രഹിതനായതിനാലാണ് പരമേശ്വരൻ നിത്യമുക്തനാകുന്നത്. നിത്യമുക്തത്വരൂപേണയാണ് ഭഗവാനെ ധ്യാനിക്കേണ്ടത്. ഈശ്വരപ്രണിധാനാർത്ഥമുള്ള ഈശ്വരസ്വരൂപവർണ്ണനയാണിത്.